

## ഐതിഹ്യം

പാലാഴി കടഞ്ഞുകിട്ടിയ അമൃത കുംഭം അസുരന്മാരിൽ നിന്ന് വീണ്ടെടുക്കാനായി മഹാവിഷ്ണു മോഹിനി രൂപം പൂണ്ടു. ആ രൂപത്തിൽ മോഹിതനായ ശ്രീ മഹേശ്വരനുമായുള്ള സംയോഗത്തിൽ ഹരിഹരപുത്രനായി ശാസ്താവ് ജന്മം കൊണ്ടു.

ശാസ്താവിൻെറ പത്നിയാണ് പ്രഭ. അപ്സരകന്യകയായ പ്രഭയ്ക്ക് പൂർണ്ണയെന്നും പുഷ്ക്കലയെന്നും ഭിന്നരൂപങ്ങൾ ഉണ്ട്. ശാസ്താവിന് പ്രഭയിൽ ജനിച്ച പുത്രനാണ് സത്യകൻ.

**ക്ഷേത്രം എന്നാലെന്ത്**

ക്ഷേത്രം എന്നാൽ "ക്ഷയാത് ത്രായതോ ക്ഷേത്രം" എന്നാണ്. ക്ഷയത്തിൽ നിന്നും രക്ഷിക്കുന്നത് ആണ് ക്ഷേത്രം. ക്ഷയിക്കുന്ന ഊർജ്ജം ക്ഷേത്രദർശനം കൊണ്ട് തിരികെ ലഭിച്ച് ഊർജ്ജസ്വലത ലഭിക്കുന്നു.

"'ഇദം ശരീര കൗന്തേയ ക്ഷേത്രമിത്യദീധീയതേ'" എന്നാണ് ഭഗവത് ഗീതയിൽ വിവക്ഷിക്കുന്നത്. ക്ഷേത്രം ദേവൻെറ സ്ഥൂലശരീരവും ശ്രീകോവിൽ സൂക്ഷ്മശരീരവുമാണ്. ആ ക്ഷേത്രത്തിൽ ശ്രീകോവിലാണ് ദേവൻെറ ഇരിപ്പിടം. നിത്യേനയുള്ള ദേവദർശനവും ആരാധനയും ഉപാസനയും കൊണ്ട് ദേവചൈതന്യം നമ്മിലേയ്ക്ക് ആകർഷിക്കപ്പെട്ട് ദേവഗണ ങ്ങളുടെ അംശം ഭക്തരിൽ പ്രവേശിക്കും.

**ക്ഷേത്രപ്രദക്ഷിണം**

ശാസ്താവിന് 5 പ്രദക്ഷിണവും അരയാലിന് 7 പ്രദക്ഷിണവും വയ്ക്കുന്നത് ശനിദോഷകാഠിന്യം കുറയ്ക്കുന്നതിന് ഉത്തമമാണ്. സ്കന്ദപുരാണത്തിൽ പ്രദക്ഷിണത്തിൻെറ ശബ്ദാർത്ഥം ഇപ്രകാരം ആകുന്നു.

| | | |
|---|---|---|
| പ്ര | : | പാപത്തെ നശിപ്പിക്കുന്നു. |
| ദ | : | അഭീഷ്ടസിദ്ധി ദാനം ചെയ്യുന്നു. |
| ക്ഷി | : | കർമ്മത്തെ ക്ഷയിപ്പിക്കുന്നു. |
| ണം | : | മുക്തി പ്രദാനം ചെയ്യുന്നു. |